പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5653 — 02 .07.2019-ൽ മറുപടിയ്ക്ക്

# പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ എത്ര പട്ടികജാതി /വർഗ്ഗവിഭാഗത്തിൽപ്പെടുന്ന ആളുകളുടെ ഭവനനിർമ്മാണം (വിവിധ സർക്കാർ വകുപ്പുകളുടെ ധനസഹായത്തോടെയുള്ളത്) പൂർത്തീകരിക്കാതെ മുടങ്ങിപ്പോയ നിലയിൽ ഉണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ പ്രസ്തുത വിവരം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് നൽകുമോ; | എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കൊട്ടാരക്കര മുൻസിപ്പൽ പ്രദേശത്ത് താമസിക്കുന്ന ഒരു പട്ടികവർഗ്ഗ കുടുംബത്തിന് വീട് അനുവദിച്ചിരുന്നവെങ്കിലും പൂർത്തീകരിച്ചിരുന്നില്ല. ആയത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെടുന്ന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച വീടുകളിൽ 75 വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | | പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം |
|---|---|---|
| 1 | ഉമ്മന്നൂർ പഞ്ചായത്ത് | 15 |
| 2 | മൈലം പഞ്ചായത്ത് | 19 |
| 3 | കുളക്കട പഞ്ചായത്ത് | 16 |
| **കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്** | | |
| 4 | നെടുവത്തൂർ പഞ്ചായത്ത് | 4 |
| 5 | പൂയപ്പള്ളി പഞ്ചായത്ത് | 4 |
| 6 | എഴുകോൺ പഞ്ചായത്ത് | 6 |
| 7 | കരീപ്ര പഞ്ചായത്ത് | 2 |

| | | | |
|---|---|---|---|
| | | | <table><tr><td>8</td><td>വെളിയം പഞ്ചായത്ത്</td><td>3</td></tr><tr><td>9</td><td>കൊട്ടാരക്കര മുനിസിപ്പാലിറ്റി</td><td>6</td></tr><tr><td colspan="2">**ആകെ**</td><td>**75**</td></tr></table> |
| ബി) | സംസ്ഥാനത്ത് പട്ടികജാതി /വർഗ്ഗവിഭാഗക്കാരുടെ മുടങ്ങിപ്പോയ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ധനസഹായം നൽകാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന കുടുംബങ്ങൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി തുടർന്നുള്ള ഗഡുക്കൾ സ്പിൽ ഓവറായി അനുവദിച്ച് നൽകുന്നുണ്ട്. 2007-08 മുതൽ 2015-16 വരെ അനുവദിച്ച വീടുകളിൽ പണി പൂർത്തീകരിക്കാത്ത വീടുകൾക്ക് ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ ഭവന പൂർത്തീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതിയിൽ 1.50 ലക്ഷം രൂപ വരെ സഹായവും നൽകുവാൻ വ്യവസ്ഥയുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മുൻവർഷങ്ങളിൽ അനുവദിച്ചതും 31.03.2016 നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12183 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് 10267 വീടുകൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

Hari

**സെക്ഷൻ ഓഫീസർ**